പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:812 28.09.2011- ലെ മറുപടി

## ചേർത്തല കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ നവീകരണം

ചോദ്യം ഉത്തരം

ശ്രീ. പി. തിലോത്തമൻ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ചേർത്തല കെ.എസ്.ആർ.ടി. സി.ഡിപ്പോയിലെ പോരായ്മ കൾ പരിഹരിക്കുന്നതിനും ഡിപ്പോ നവീകരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ; | (എ) | ചേർത്തല ഡിപ്പോയിലെ പോരായ്മ കൾ പരിഹരിച്ച് ഡിപ്പോ നവീകരിച്ചുകൊണ്ട് വിവിധ വിഭാഗങ്ങളിലായി 26,74,640/- രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. |
| (ബി) | ബസ്സുകളുടെ കുറവ് മൂലം കൂടുതൽ കളക്ഷനുള്ള ചില സർവ്വീസുകൾ പോലും മുട ങ്ങുന്നകാര്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ; ആവശ്യമായ എണ്ണം ബസ്സുകൾ ചേർത്തല ഡിപ്പോയിലേയ്ക്ക് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | ഉണ്ട്. ചില ദിവസങ്ങളിൽ ബസ്സുകളുടെ കുറവ് മൂലം മോശമല്ലാത്ത വരുമാനം ലഭിക്കുന്ന സർവ്വീസുകൾ പോലും ക്യാൻസൽ ചെയ്യേണ്ടി വരാറുണ്ട്. പുതിയ ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇത് പരിഹരിക്കാൻ കഴിയുമെന്ന് കരുതുന്നു. |
| (സി) | ചേർത്തല കെ.എസ്.ആർ.ടി. സി.ഡിപ്പോയിൽ സ്വകാര്യ സംരംഭകരെ ഉൾക്കൊള്ളിച്ച് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാനും ബസ്സ്സ്റ്റേഷൻ, വെയിറ്റിംഗ് ഷെഡ് എന്നിവ നവീകരിക്കാനും ഉദ്ദേശിക്കുന്നുണ്ടോ ? | (സി) | സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി ചേർത്തല ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പരിഗണയിലില്ല. വെയിറ്റിംഗ് ഷെഡിന്റെയും, ടോയ്ലറ്റ് ബിൽഡിംഗിന്റെയും നിർമ്മാണം നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ